പത്രക്കുറിപ്പ്
17-1-2019

## കുടുംബശ്രീയുടെ എറൈസ് (ARISE) സ്വയംതൊഴിൽ പരിശീലന പരിപാടിയിലൂടെ നിറവേറുന്നത് റീബിൽഡ് കേരളയുടെ പ്രധാന ലക്ഷ്യം :

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി.മൊയ്തീൻ

തിരുവനന്തപുരം: കുടുംബശ്രീ മുഖേന നടത്തുന്ന എറൈസ് തൊഴിൽ പരിശീലന പരിപാടിയിലൂടെ കേരളത്തിൽ അമ്പതിനായിരം ആളുകൾക്ക് തൊഴിലും വരുമാനവും ലഭ്യമാക്കാൻ വഴിയൊരുക്കുമെന്നും അതുവഴി റീ ബിൽഡ് കേരളയുടെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം പ്രാവർത്തിക്കമാക്കാൻ കുടുംബശ്രീക്ക് സാധിക്കുമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി മൊയ്തീൻ പറഞ്ഞു. എറൈസ് -സ്വയംതൊഴിൽ പരിശീലന പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദഹേം.

കേരളത്തിൽ പത്തോളം വിവിധ മേഖലകളിൽ വൈദഗ്ധ്യമുള്ള തൊഴിലാളികളെ ആവശ്യമുണ്ടെന്ന് കുടുംബശ്രീ നടത്തിയ സർവേയിൽ കണ്ടെത്തിയിരുന്നു. ഈ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി അതത് മേഖലകളിൽ സംരംഭങ്ങൾ രൂപീകരിച്ച് വരുമാനം നേടാൻ ഏറ്റവും സഹായകരമാകുന്ന തരത്തിലാണ് എറൈസ് തൊഴിൽ പരിശീലന പരിപാടി ആസൂത്രണം ചെയ്തിട്ടുള്ളത്. അവരവർക്ക് താൽപര്യമുള്ള മേഖലകളിൽ പരിശീലനം നേടാനും സ്വയംതൊഴിൽ ചെയ്യാനുമുള്ള മികച്ച അവസരമാണ് കുടുംബശ്രീ ഇപ്പോൾ നൽകുന്നത്. സ്വയംതൊഴിൽ പരിശീലനത്തിൽ പങ്കെടുത്ത് തൊഴിലും വരുമാനവും നേടുന്നതിലൂടെ ഇത്രയും ആളുകൾക്ക് മാന്യമായ ഉപജീവനമാർഗവും സാമ്പത്തികാഭിവൃദ്ധിയും നേടാനാകുമെന്നും അതിനാൽ പ്രളയാനന്തര പുനരധിവാസത്തിൽ പ്രധാന പങ്കു വഹിക്കുന്നുവെന്നും മന്ത്രി പറഞ്ഞു. ഇങ്ങനെ നേടുന്ന വരുമാനം കുടുംബങ്ങളിലും അതുവഴി സമൂഹത്തിലും ശ്രദ്ധേയമായ മാറ്റങ്ങൾ കൊണ്ടുവരും. സാമ്പത്തിക വളർച്ച ജീവിത നിലവാരവുമായി ബന്ധപ്പെട്ട വളർച്ചയാണ്. സാമ്പത്തികമായി അഭിവൃദ്ധിയുണ്ടാകുന്നതോടെ തൊഴിൽ മേഖലയിലെ അന്തസും ഉയരും. ഇതിന് തൊഴിലിനോടുള്ള മനോഭാവത്തിൽ മാറ്റം വരണം. പ്രളയാനന്തരമുള്ള കേരളത്തിന്റെ പുനഃസൃഷ്ടിക്കു വേണ്ടി ഉപജീവനമാർഗം നഷ്ടപ്പെട്ട അമ്പതിനായിരം പേർക്ക് മികച്ച തൊഴിൽ നൈപുണ്യ പരിശീലനം നൽകി വരുമാനമാർഗം ലഭ്യമാക്കുന്നതു വഴി കുടുംബശ്രീ സംഘടിപ്പിക്കുന്ന എറൈസ്-തൊഴിൽ പരിശീലന പരിപാടിക്ക് പ്രസക്തിയേറുകയാണെന്നും അദ്ദേഹം വ്യക്തമാക്കി. വയോജന പരിചരണ മേഖലയിൽ കുടുംബശ്രീ മുഖേന നടത്തുന്ന ഹർഷം-ജെറിയാട്രിക് കെയർ പദ്ധതിയുടെ ഭാഗമായി രൂപകൽപന ചെയ്ത വെബ്സൈറ്റിന്റെ ഉദ്ഘാടനവും അദ്ദേഹം നിർവഹിച്ചു.

കുടുംബശ്രീ മുഖേന നടത്തുന്ന എറൈസ് തൊഴിൽ പരിശീലന പരിപാടിയിലൂടെ പ്രതിമാസം ശരാശരി ഇരുപതിനായിരം രൂപയെങ്കിലും വരുമാനം നേടാൻ കഴിയുന്ന രീതിയിൽ സംരംഭകർ മാറണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ടി.കെ. ജോസ് അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. ഇതു പ്രാവർത്തികമാക്കാൻ കഴിഞ്ഞാൽ പ്രതിവർഷം ആയിരത്തി അഞ്ഞൂറ് കോടിയോളം രൂപയുടെ വരുമാനമാണ് ലഭിക്കുന്നത്. അത് കേരളത്തിന്റെ പുനർ നിർമാണത്തിനും വികസനത്തിനുമായി ഉപകരിക്കും. കേരളത്തിന്റെ പുനഃസൃഷ്ടിക്കായി നമ്മൾ പ്രവർത്തിച്ചു തുടങ്ങുക എന്നതാണ് പ്രധാനം. കാർപെന്ററി, ഇലക്ട്രിക്കൽ, പ്ലമ്പിംഗ്, ജെറിയാട്രിക് കെയർ എന്നിങ്ങനെ വിവിധ മേഖലകളിൽ നല്ല തൊഴിൽ വൈദഗ്ധ്യമുള്ള ആളുകളുടെ അഭാവമുണ്ട്. എറൈസ് തൊഴിൽ പരിശീലന പരിപാടിയിലൂടെ ഏറ്റവും മികച്ച രീതിയിലുള്ള പ്രായോഗിക പരിശീലനം നേടുന്നവർക്ക് സംസ്ഥാനത്ത് മാത്രമല്ല വിദേശത്തും മാന്യമായ രീതിയിൽ വരുമാനം ലഭിക്കുന്ന തൊഴിൽ നേടാൻ കഴിയും. ഒരു പ്രത്യേക തൊഴിൽമേഖലയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കാതെ വിവിധ ജോലികളിൽ തൊഴിൽ നൈപുണ്യവും ആധുനിക സാങ്കേതിക വൈദഗ്ധ്യമുള്ളവരുമാകാനാണ് ശ്രമിക്കേണ്ടത്. ചെയ്യുന്ന ജോലിക്ക് അർഹമായ വേതനവും ലാഭവും

അതോടൊപ്പം തൊഴിലിൽ വളർച്ച നേടാനും ഓരോ കുടുംബശ്രീ വനിതകൾക്കും സാധിക്കണം.

എല്ലാവിധ റിപ്പയറിങ്ങ് ജോലികളും ഏറ്റവും വേഗത്തിൽ ഒരു ടീമായി വന്ന് ചെയ്തു കൊടുക്കാനും അതിന് മിതമായ നിരക്കിൽ കൂലി വാങ്ങാനും കുടുംബശ്രീ പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് സാധിക്കണം. എല്ലാകാലത്തും കുടുംബശ്രീ കുടുംബങ്ങളിലെ വിവിധ തലമുറകളിൽപ്പെട്ടവർക്ക് മികച്ച തൊഴിൽ പരിശീലനം നൽകി അവർക്ക് മാന്യമായ ജീവിതമാർഗം ഒരുക്കിനൽകിയിട്ടുണ്ട്. എറൈസ് തൊഴിൽ പരിശീലന പരിപാടിയും അതിന്റെ ഭാഗമാണെന്നും ഇതുവഴി അമ്പതിനായിരത്തിലേറെ പേർക്ക് പുതിയ തൊഴിൽ മേഖലകളിൽ അറിവും ജീവനോപാധിയും നേടിക്കൊടുക്കാൻ കഴിയുമെന്നും അദ്ദേഹം വ്യക്തമാക്കി.

റീബിൽഡ് കേരള എന്ന വെല്ലുവിളിയിലേക്കുള്ള ഉറച്ച കാൽവയ്പ്പായിട്ടാണ് കുടുംബശ്രീ സംഘടിപ്പിക്കുന്ന എറൈസ് തൊഴിൽ പരിശീലന പരിപാടിയെ കാണുന്നതെന്ന് റീ ബിൽഡ് കേരളയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ.വി.വേണു മുഖ്യപ്രഭാഷണത്തിൽ പറഞ്ഞു. നാഗരിക ജീവിതത്തിൽ പുതിയ സേവനങ്ങളുടെ ആവശ്യകത വർധിച്ചു വരികയാണ്. ഈ സാഹചര്യത്തിൽ വിവിധ തൊഴിലുകൾ ചെയ്യാൻ വൈദഗ്ധ്യമുള്ളവരെയാണ് ഇപ്പോൾ ആവശ്യം. എറൈസ് തൊഴിൽ പരിശീലന പരിപാടിയിലൂടെ തൊഴിൽ നൈപുണ്യമുള്ള ആളുകളെ സൃഷ്ടിച്ച് മാന്യമായ വരുമാനം നേടിക്കൊടുക്കാൻ കഴിയുന്നതിലൂടെ കേരളത്തിന്റെ പുന:സൃഷ്ടിയുടെ പ്രധാന ദൗത്യം നിറവേറ്റാൻ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു. കുടുംബശ്രീ വഴി മികച്ച സംരംഭകരായി മാറിയ ഇരുപത് വനിതകളെ കുറിച്ച് തയ്യാറാക്കിയ പുസ്തകത്തിന്റെ പ്രകാശനം കുടുംബശ്രീ ഡയറക്ടർ ആശാ വർഗീസിനു നൽകി അദ്ദേഹം നിർവഹിച്ചു.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ സ്വാഗതം ആശംസിച്ചു. കുടുംബശ്രീ പ്രോഗ്രാം ഓഫീസർ നിരഞ്ജന എൻ.എസ് നന്ദി പറഞ്ഞു. കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർ, പരിശീലക ഏജൻസികൾ, സി.ഡി.എസ് പ്രവർത്തകർ പങ്കെടുത്തു.

എക്സിക്യൂട്ടീവ് ഡയറക്ടർ

കുടുംബശ്രീ